# കേരള സർക്കാർ
# വിദ്യാഭ്യാസ വകുപ്പ്

## ടി.എച്ച്.എസ്.എൽ.സി (ഹിയറിംഗ് ഇംപയേർഡ്)
## പരീക്ഷ - മാർച്ച് 2019

## വിജ്ഞാപനം

**പരീക്ഷാകമ്മീഷണറുടെ കാര്യാലയം**
**പരീക്ഷാഭവൻ, പൂജപ്പുര**
**തിരുവനന്തപുരം -12**

ഇ.എക്സ്/സി.ജി.എൽ(3)/50701/2018/സി.ജി.ഇ

**പരീക്ഷാകമ്മീഷണറുടെ കാര്യാലയം**
**പരീക്ഷാഭവൻ, പൂജപ്പുര**
**തിരുവനന്തപുരം.**
**തീയതി : 31/10/2018**

# വിജ്ഞാപനം

വിഷയം : 2019 മാർച്ച് മാസത്തിലെ ടി.എച്ച്.എസ്.എൽ.സി (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷ-സംബന്ധിച്ച്.

സൂചന : 1. ജി.ഒ (പി) 53/2004/പൊ.വി.വ തീയതി 04-02-2004

2. ജി.ഒ (ആർ.ടി)4610/2012/പൊ.വി.വ തീയതി 28-09-2012

------

**1.** 2018-19 അദ്ധ്യയന വർഷത്തെ ടി.എച്ച്.എസ്.എൽ.സി (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷ 13.03.2019 ബുധനാഴ്ച ആരംഭിച്ച് 25.03.2019 തിങ്കളാഴ്ച അവസാനിക്കുന്നതാണ്. പരീക്ഷയുടെ സമയവിവരപട്ടിക ഈ വിജ്ഞാപനത്തിൽ (പേജ് 4) ഉൾപ്പെടുത്തിയിട്ടുണ്ട്.

**2.** ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) സർട്ടിഫിക്കറ്റ് 2012 മുതൽ പുതുക്കിയിട്ടുണ്ട്. സ്കൂൾ ലീവിംങ് സർട്ടിഫിക്കറ്റിൽ സ്കോർ ഒഴിവാക്കി ഗ്രേഡ് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ. 9 പോയിന്റ് ഗ്രേഡിംഗ് സിസ്റ്റം ആണ് നടപ്പിലാക്കുന്നത്.

**പരീക്ഷയുടെ വിഷയങ്ങൾ, സ്കോർ, സമയം എന്നിവ താഴെ കാണും പ്രകാരമായിരിക്കും.**

| ക്രമ നമ്പർ | വിഷയങ്ങൾ | സ്കോർ | | | | |
|---|---|---|---|---|---|---|
| | | സി.ഇ | എഴുത്തു പരീക്ഷ (റ്റി.ഇ.) | പ്രാക്ടിക്കൽ പരീക്ഷ | ആകെ | സമയം (മണിക്കൂറിൽ) |
| 1 | ഇംഗ്ലീഷ് | 20 | 80 | - | 100 | 2 ½ |
| 2 | മലയാളം | 20 | 80 | - | 100 | 2 ½ |
| 3 | ഗണിതശാസ്ത്രം | 20 | 80 | - | 100 | 2 ½ |
| 4 | ഊർജ്ജതന്ത്രം &രസതന്ത്രം | 20 | 80 | - | 100 | 2 ½ |
| 5 | ഹ്യൂമാനിറ്റീസ് (തീയറി) | 20 | 80 | - | 100 | 2 ½ |
| 6 | പ്ലംബിംങ്/ പ്രിന്റിംങ് | 10 | 40 | - | 50 | 1 |
| 7 | ഡ്രായിംങ്/കമ്പോസിംങ് | 20 | 80 | | 100 | 1 |
| 8 | പ്രാക്ടിക്കൽ | 40 | | 160 | 200 | |
| 9 | സ്വഭാവം & പെരുമാറ്റം | | | | 50 | |
| | | 170 | 520 | 160 | 900 | |

## ഗ്രേഡിംഗ് സ്കെയിൽ

| ഗ്രേഡ് | റേഞ്ച് | ഗ്രേഡ് വാല്യൂ | ഗ്രേഡ് പൊസിഷൻ |
|---|---|---|---|
| A + | 90 ശതമാനം മുതൽ 100 ശതമാനം വരെ | 9 | Outstanding |
| A | 80 ശതമാനം മുതൽ 89 ശതമാനം വരെ | 8 | Excellent |
| B + | 70 ശതമാനം മുതൽ 79 ശതമാനം വരെ | 7 | Very Good |
| B | 60 ശതമാനം മുതൽ 69 ശതമാനം വരെ | 6 | Good |
| C + | 50 ശതമാനം മുതൽ 59 ശതമാനം വരെ | 5 | Above Average |
| C | 40 ശതമാനം മുതൽ 49 ശതമാനം വരെ | 4 | Average |
| D + | 30 ശതമാനം മുതൽ 39 ശതമാനം വരെ | 3 | Marginal |
| D | 20 ശതമാനം മുതൽ 29 ശതമാനം വരെ | 2 | Need Improvement |
| E | 20 ശതമാനത്തിന് താഴെ | 1 | Need Improvement |

ഉന്നത വിദ്യാഭ്യാസത്തിനുള്ള അർഹത നേടുന്നതിന് പ്രാക്ടിക്കൽ പരീക്ഷയ്ക്ക് കുറഞ്ഞത് C+ ഗ്രേഡും മറ്റ് ഓരോ പേപ്പറിനും തുടർമൂല്യനിർണ്ണയത്തിന്റെ (സി.ഇ) സ്കോറും എഴുത്തു പരീക്ഷയുടെ (റ്റി.ഇ) സ്കോറും ചേർത്ത് കണക്കാക്കുമ്പോൾ D+ ഗ്രേഡും നേടിയിരിക്കണം.

**3. പരീക്ഷാകേന്ദ്രങ്ങൾ**

പരീക്ഷാകേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹൈസ്കൂളുകളുടെ (സ്പെഷ്യൽ) വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂൾ കോഡ് | പരീക്ഷാകേന്ദ്രം | വിദ്യാഭ്യാസ ജില്ല |
|---|---|---|---|
| 1 | 43801 | ഗവ. വി.എച്ച്.എസ്.എസ്. & ടി.എച്ച്. എസ്. ഫോർ ദ ഡെഫ്, ജഗതി, തിരുവനന്തപുരം | തിരുവനന്തപുരം |
| 2 | 50023 | സി.എസ്.ഐ.വൊക്കേഷണൽ എച്ച്.എസ്.ഫോർ ദ ഡഫ്, വാളകം, കൊട്ടാരക്കര | കൊട്ടാരക്കര |

**4.** പരീക്ഷാകേന്ദ്രങ്ങളായ ടെക്നിക്കൽ ഹൈസ്കൂളുകളിലെ (എച്ച്.ഐ) സൂപ്രണ്ട്/ഹെഡ്മാസ്റ്റർ അതാത് പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാരായിക്കും. **31-03-2019-ന്** വിരമിക്കുന്ന സൂപ്രണ്ട്/ഹെഡ്മാസ്റ്റർമാരെ ചീഫ് സൂപ്രണ്ട് ആയി നിയമിക്കുന്നതല്ല.

5. ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷ മാർച്ച് 2019-ലെ സമയ വിവര പട്ടിക

| തീയതി | ദിവസം | സമയം | വിഷയം |
|---|---|---|---|
| 13.03.2019 | ബുധൻ | 1.45 pm to 4.30 pm | മലയാളം |
| 14.03.2019 | വ്യാഴം | 1.45 pm to 4.30 pm | ഇംഗ്ലീഷ് |
| 18.03.2019 | തിങ്കൾ | 1.45 pm to 4.30 pm | ഹ്യൂമാനിറ്റീസ് |
| 19.03.2019 | ചൊവ്വ | 1.45 pm to 4.30 pm | ഗണിതശാസ്ത്രം |
| 20.03.2019 | ബുധൻ | 1.45 pm to 4.30 pm | ഊർജ്ജതന്ത്രം & രസതന്ത്രം |
| 21.03.2019 | വ്യാഴം | 1.45 pm to 3.00 pm | പ്ലബ്ബിംഗ് / പ്രിന്റിംഗ് |
| 25.03.2019 | തിങ്കൾ | 1.45 pm to 3.00 pm | എഞ്ചിനീയറിംഗ് ഡ്രോയിംഗ് / കമ്പോസിംഗ് |

**കുറിപ്പ്**

**പുതിയ സർക്കാർ ഉത്തരവുകൾ, പരീക്ഷാകമ്മീഷണറുടെ ഉത്തരവുകൾ എന്നിവയെ അടിസ്ഥാനമാക്കി ടി.എച്ച്.എസ്.എൽ.സി. (എച്ച്.ഐ) പരീക്ഷയുടെ സമയക്രമത്തിൽ മാറ്റം ഉണ്ടാകാവുന്നതാണ്.**

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. അംഗീകരിച്ചിട്ടുള്ള ഇൻഡ്യൻ ഔദ്യോഗിക സമയക്രമം കൃത്യമായും പാലിക്കേണ്ടതാണ്.
2. പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിയുടെ നിർദ്ദേശം ഇല്ലാതെ യാതൊരു കാരണവശാലും പരീക്ഷ മാറ്റിവയ്ക്കുവാൻ പാടുള്ളതല്ല.
3. പരീക്ഷാ സമയവിവരപട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കൂടി മുകളിൽ പരാമർശിച്ച സമയവിവരപട്ടിക കർശനമായും പാലിക്കേണ്ടതാണ്.
4. പരീക്ഷയുടെ ആരംഭത്തിലെ 15 മിനിറ്റ് (1.45 മുതൽ 2 മണി വരെ) ആശ്വാസ സമയമായിരിക്കും (Cool off Time). ഈ സമയത്ത് യാതൊരു കാരണവശാലും കുട്ടികൾ ഉത്തരക്കടലാസിൽ ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.

## 6. പരീക്ഷാർത്ഥികൾ ഉൾപ്പെടുന്ന വിഭാഗങ്ങൾ

### (1) റഗുലർ കാൻഡിഡേറ്റ്സ് (സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സ്) (SGC)

2018-19 അധ്യയന വർഷത്തിൽ മേൽ പരാമർശം സ്കൂളുകളിൽ അംഗീകൃത സിലബസിൽ നിശ്ചിത കോഴ്സ് പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് റഗുലർ കാൻഡിഡേറ്റ്സ് ആയി പരീക്ഷയ്ക്ക് ചേരാവുന്നതാണ്. റഗുലർ കാൻഡിഡേറ്റ്സ് 01-06-2018-ൽ 14 വയസ്സ് പൂർത്തീകരിച്ചവരായിരിക്കണം. ടെക്നിക്കൽ ഹൈസ്കൂൾ (ഹിയറിംഗ് ഇംപയേർഡ്) റഗുലർ വിദ്യാർത്ഥികൾ വർഷവസാനത്തിൽ കുറഞ്ഞത് 85% ഹാജർ എങ്കിലും നേടിയിരിക്കണം. നിശ്ചിത ശതമാനം ഹാജർ ഇല്ലാത്തവരും ഹാജറിന്റെ കുറവ് ബന്ധപ്പെട്ട അധികാരി മാപ്പാക്കി നൽകിയ ഉത്തരവില്ലാത്തവരുമായ വിദ്യാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.

(2) **അറ്റൻഡൻസ് റീക്യൂപ്പ്ഡ് കാൻഡിഡേറ്റ്സ് (ARC)**

2017-18 അദ്ധ്യയന വർഷത്തിൽ ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) സ്റ്റാൻഡേർഡ് X-ലെ തുടർമൂല്യനിർണ്ണയം പൂർത്തീകരിച്ചതും എന്നാൽ ഹാജറിന്റെ കുറവുമൂലം പൊതു പരീക്ഷ എഴുതാൻ കഴിയാതെപോവുകയും ചെയ്ത വിദ്യാർത്ഥികൾക്ക് അറ്റൻഡൻസ് റീക്യൂപ്ഡ് കാൻഡിഡേറ്റ് (**ARC**) വിഭാഗത്തിൽ മാർച്ച് 2019-ൽ പരീക്ഷ എഴുതാവുന്നതാണ്. ARC വിഭാഗത്തിലെ വിദ്യാർത്ഥികൾ ഈ അദ്ധ്യയന വർഷം മുൻപ് പഠിച്ച അതേ സ്കൂളിൽ നിന്നും നിശ്ചിത ശതമാനം ഹാജർ നേടിയിരിക്കേണ്ടതാണ്.

(3) **കാൻഡിഡേച്ചർ ക്യാൻസൽഡ് കാൻഡിഡേറ്റ്സ് (CCC)**

2017-2018 അദ്ധ്യയന വർഷത്തിൽ ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷയ്ക്കായി തയ്യാറാക്കിയ കാൻഡിഡേറ്റ്സ് ലിസ്റ്റിൽ ഉൾപ്പെട്ട് പരീക്ഷ എഴുതുന്നതിന് മതിയായ ഹാജർ നേടിയിരുന്നെങ്കിലും അസുഖം മൂലമോ സാധുവായ മറ്റ് കാരണത്താലോ പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ടി വന്ന വിദ്യാർത്ഥികൾക്ക് ഈ വർഷം അതേ സ്കൂളിൽ 'കാൻഡിഡേച്ചർ കാൻസൽഡ് കാൻഡിഡേറ്റ്സ്' എന്ന വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാണ്.

(4) **ബറ്റർമെന്റ് ഓഫ് റിസൾട്ട് കാൻഡിഡേറ്റ്സ് (BT)**

കംപാർട്ടുമെന്റലായും ഫുൾകോഴ്സായും പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത നേടിയവർക്ക് പരീക്ഷാഫലം മെച്ചപ്പെടുത്തുവാൻ ബറ്റർമെന്റ് ഓഫ് റിസൾട്ട് കാൻഡിഡേറ്റ്സ് വിഭാഗത്തിൽ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി പരീക്ഷയ്ക്ക് ചേരാവുന്നതാണ്.

(i) ഫലം മെച്ചപ്പെടുത്തുന്നതിനായി ഒരവസരം മാത്രമേ അനുവദിക്കുകയുള്ളൂ.

(ii) പരീക്ഷ വിജയിച്ച് മൂന്നു വർഷത്തിനകം ഫലം മെച്ചപ്പെടുത്തുന്നതിനായി പരീക്ഷ എഴുതേണ്ടതാണ്.

(iii) ഈ കാലയളവിൽ മറ്റൊരു ഉയർന്ന യോഗ്യതയും നേടിയിരിക്കാൻ പാടുള്ളതല്ല.

(iv) എല്ലാ വിഷയങ്ങൾക്കും (ഫുൾ കോഴ്സായി) പരീക്ഷ എഴുതേണ്ടതാണ്.

(5) **പ്രൈവറ്റ് കാൻഡിഡേറ്റ്സ്**

ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷ 2017, 2018 എന്നീ വർഷങ്ങളിൽ എഴുതി ഗ്രേഡിംഗ് രീതിയിൽ ഉപരിപഠനത്തിന് അർഹത നേടാത്ത വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് കാൻഡിഡേറ്റ്സ് വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാണ്.

## 7. സേവ് എ ഇയർ (SAY) പരീക്ഷ

2019-മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷയിൽ ഉപരിപഠനത്തിന് അർഹത നേടാനാകാത്ത റഗുലർ വിദ്യാർത്ഥികൾക്ക് 2019 മേയ് മാസം നടത്തുന്ന സേവ് എ ഇയർ (SAY) പരീക്ഷ എഴുതാൻ അവസരമുണ്ടായിരിക്കും (സേവ് എ ഇയർ പരീക്ഷയുടെ വിജ്ഞാപനത്തിലെ നിബന്ധനകൾക്ക് വിധേയമായി). റിസൾട്ട് പ്രഖ്യാപിച്ച് 5 ദിവസത്തിനകം ഇതിനുള്ള അപേക്ഷ നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് പ്രത്യേക വിജ്ഞാപനം യഥാസമയം പുറപ്പെടുവിക്കുന്നതാണ്.

## 8. പ്രാക്ടിക്കൽ പരീക്ഷ

ട്രേഡ് വിഷയങ്ങളിലെ പ്രാക്ടിക്കൽ പരീക്ഷ എഴുത്തുപരീക്ഷയ്ക്ക് ശേഷമായിരിക്കും നടത്തുന്നത്. പരീക്ഷാർത്ഥികൾ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാരിൽ നിന്നും പ്രാക്ടിക്കൽ പരീക്ഷയുടെ തീയതിയും സമയവും മുൻകൂട്ടി മനസ്സിലാക്കേണ്ടതാണ്.

## 9. പരീക്ഷാഫീസ്

| | | | രൂപ |
|---|---|---|---|
| (1) | സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സ് (റഗുലർ) | - | 30.00 |
| (2) | പ്രൈവറ്റ് വിഭാഗം (ഒരു പേപ്പറിന്) | - | 20.00 |
| (3) | താമസിച്ച് ഒടുക്കുന്നതിനുള്ള പിഴ (ഫൈൻ) | - | 10.00 |
| (4) | ബെറ്റർമെന്റ് ഓഫ് റിസൾട്ട് വിഭാഗം | - | 200.00 |

## 10. പരീക്ഷാഫീസിൽ നിന്നും ഒഴിവാക്കൽ

ഗവൺമെന്റ്/എയ്ഡഡ് ടെക്നിക്കൽ (ഹിയറിംഗ് ഇംപയേർഡ്) സ്കൂളുകളിൽ നിന്നും നിശ്ചിത കോഴ്സ് പൂർത്തിയാക്കിയ റഗുലർ (SGC) ആയി പരീക്ഷ എഴുതുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിദ്യാർത്ഥികളെ ഒന്നാം അവസരമായി പരീക്ഷ എഴുതുന്നതിന് പരീക്ഷാഫീസിൽനിന്നും ഒഴിവാക്കിയിരിക്കുന്നു (G.O.(Rt) 3668/2001/ G.Edn dated 03-10-2001).

അറ്റൻഡൻസ് റീക്യൂപ്പ്ഡ് കാൻഡിഡേറ്റ്സ് (ARC), കാൻഡിഡേച്ചർ കാൻസൽഡ് കാൻഡിഡേറ്റ്സ് (CCC), ബറ്റർമെന്റ് ഓഫ് റിസൾട്ട് കാൻഡിഡേറ്റ്സ് (BT) എന്നീ വിഭാഗത്തിൽപ്പെടുന്നവർക്ക് ഫീസിളവിന് അർഹത ഉണ്ടായിരിക്കുകയില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും മറ്റ് അർഹതയുള്ള വിഭാഗത്തിൽപ്പെട്ടവരും (ഒ.ഇ.സി) ആയ വിദ്യാർത്ഥികൾ ടെക്നിക്കൽ ഹൈസ്കൂൾ (എച്ച്.ഐ) കോഴ്സ് പൂർത്തീകരിച്ച് 3 വർഷത്തിനുള്ളിൽ പരീക്ഷ എഴുതുന്ന 2 അവസരങ്ങൾക്ക് ഫീസ് ഒടുക്കേണ്ടതില്ല (G.O.(MS) 32/74/G.Edn dated 18-02-1974).

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസില്ലാതെ അഞ്ചുവർഷം വരെ പരീക്ഷ എഴുതാവുന്നതാണ് (G.O.(Rt) 680/1981/G.Edn dated 25-02-1981).

11. പരീക്ഷാഫീസ് നിശ്ചിത തീയതിക്കുള്ളിൽ "0202-01-102-99-Examination Fees' എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

12. **എ & ബി ലിസ്റ്റ് തയ്യാറാക്കൽ**

പരീക്ഷാഫീസ് സ്വീകരിക്കുന്ന അവസാന തീയതിയ്ക്ക് ശേഷം സ്കൂൾ മേധാവി പരീക്ഷാർത്ഥികളുടെ കാൻഡിഡേറ്റ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സ്കൂൾ അഡ്മിഷൻ രജിസ്റ്റർ അടിസ്ഥാനപ്പെടുത്തി മാത്രമേ റഗുലർ വിദ്യാർത്ഥികളുടെ കാൻഡിഡേറ്റ്സ് ലിസ്റ്റ് തയ്യാറാക്കാൻ പാടുള്ളൂ. **പ്രൈവറ്റ് വിഭാഗം വിദ്യാർത്ഥികളുടെ കാൻഡിഡേറ്റ്സ് ലിസ്റ്റ് പ്രത്യേകം തയ്യാറാക്കേണ്ടതാണ്. പ്രസ്തുത ലിസ്റ്റുകൾ തയ്യാറാക്കുന്നതിന് കറുത്ത മഷി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.** പെൺകുട്ടികളുടെ പേര് ആദ്യം വരത്തക്കവിധം അക്ഷരമാല ക്രമത്തിലാണ് ലിസ്റ്റ് തയ്യാറാക്കേണ്ടത്. ഇൻഷ്യൽ പേരിന് ശേഷം ചേർക്കേണ്ടതാണ്. ഫോമുകൾ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ ലഭ്യമാണ് (www.keralapareekshabhavan.in)

പരീക്ഷയെഴുതുന്ന റഗുലർ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഓൺലൈനായി iExaMs –ന്റെ സ്കൂൾ ലോഗിൻവഴി രേഖപ്പെടുത്തേണ്ടതാണ്. തുടർ നിർദ്ദേശങ്ങൾ പ്രത്യേകമായി നൽകുന്നതാണ്.

13. **ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) കാർഡിന്റെ വില :**

എല്ലാ വിഭാഗത്തിൽപ്പെട്ട പരീക്ഷാർത്ഥികളും ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) കാർഡിന്റെ വിലയായി 15 രൂപ നൽകേണ്ടതാണ്. സ്കൂൾ മേധാവി കാർഡിന്റെ വിലയായ 15/- രൂപ ശേഖരിച്ച് 0202-01-102-92-അദർ റസീപ്റ്റ്സ് എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

14. പ്രൈവറ്റ് വിഭാഗത്തിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ പരീക്ഷാഫീസ് സ്വന്തം പേരിൽ ചലാൻ മുഖാന്തിരം ട്രഷറിയിൽ "0202-01-102-99-Examination Fees' എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതും ഒറിജിനൽ ചലാൻ അപേക്ഷയോടൊപ്പം പരീക്ഷാകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതുമാണ്.

15. **ചീഫ് സൂപ്രണ്ടുമാർ സ്വീകരിച്ച പരീക്ഷാഫീസ് ഒരു കാരണവശാലും നേരിട്ട് തുകയായോ ചെക്കായോ മണി ഓർഡറായോ പോസ്റ്റൽ ഓർഡറായോ മറ്റു വിധത്തിലോ ഈ ഓഫീസിലേക്ക് അയയ്ക്കുവാൻ പാടുള്ളതല്ല.** ഒരിക്കൽ ഒടുക്കിയ പരീക്ഷാഫീസ് യാതൊരു കാരണവശാലും തിരിച്ചു കൊടുക്കുകയോ തുടർന്ന് വരുന്ന പരീക്ഷകൾക്ക് കണക്കാക്കുകയോ ഇല്ല.

**16. പരീക്ഷാഫീസ് ഒടുക്കേണ്ട തീയതികൾ**

| | | |
|---|---|---|
| (1) | അപേക്ഷയും പരീക്ഷാഫീസും പിഴ കൂടാതെ സ്വീകരിക്കേണ്ട തീയതികൾ | : 07-11-2018 മുതൽ 19-11-18 വരെ |
| (2) | പരീക്ഷാ ഫീസുകൾ ഖജനാവിൽ (ട്രഷറിയിൽ) ഒടുക്കേണ്ട തീയതി | : 21-11-2018 |
| (3) | പിഴയോടുകൂടി പരീക്ഷാഫീസും അപേക്ഷയും സ്വീകരിക്കേണ്ട തീയതികൾ | : 22-11-2018 മുതൽ 30-11-18 വരെ |
| (4) | പിഴയോടുകൂടി ലഭിച്ചിട്ടുള്ള തുക ഖജനാവിൽ ഒടുക്കേണ്ട തീയതി | : 03-12-2018 |
| (5) | ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) കാർഡിന്റെ തുക ഹെഡ്മാസ്റ്റർമാർ ഖജനാവിൽ അടക്കേണ്ട അവസാന തീയതി | : 30-11-2018 |

**കുറിപ്പ്:-** **iExaMs വഴിയുള്ള ഓൺലൈൻ പ്രവർത്തനങ്ങളുടെ നിർദ്ദേശങ്ങളും ഷെഡ്യൂളും പ്രത്യേകമായി നൽകുന്നതാണ്.**

**17.** പിരിച്ചെടുത്ത ഫീസുകൾ നിശ്ചയിച്ചിട്ടുള്ള തീയതികളിൽ തന്നെ ഖജനാവിൽ ഒടുക്കേണ്ടതാണ്. വൈകിയുള്ള പണം ഒടുക്കൽ ഒരു കാരണവശാലും അനുവദിക്കുന്നതല്ല. തെറ്റായ ശീർഷകത്തിൽ പണം ഒടുക്കുന്നതും മുഴുവൻ തുക ഒടുക്കാതെ ഭാഗികമായി തുക അടയ്ക്കുന്നതും ഒരു കാരണവശാലും അനുവദിക്കുന്നതല്ല.

**18.** പ്രൈവറ്റ് വിഭാഗം വിദ്യാർത്ഥികൾ (കംപാർട്ടുമെന്റലായും/ഫുൾ കോഴ്സായും) പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷ (അനുബന്ധം എ), ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) സർട്ടിഫിക്കറ്റ് (മുൻപ് എഴുതിയ എല്ലാ അവസരങ്ങളിലേയും), ഒറിജിനൽ ചെലാൻ സഹിതം ബന്ധപ്പെട്ട ടെക്നിക്കൽ സ്കൂൾ (എച്ച്.ഐ) മേധാവിക് സമർപ്പിക്കേണ്ടതാണ്. സ്കൂൾ മേധാവി വിദ്യാർത്ഥികളിൽ നിന്നും പരീക്ഷയ്ക്കുള്ള അപേക്ഷ സ്വീകരിക്കേണ്ടതും കാൻഡിഡേറ്റ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. (റഗുലർ വിഭാഗം വിദ്യാർത്ഥികളുടെ കാൻഡിഡേറ്റ്സ് ലിസ്റ്റും ചെലാനും, പ്രൈവറ്റ് വിഭാഗം വിദ്യാർത്ഥികളുടെ കാൻഡിഡേറ്റ്സ് ലിസ്റ്റും മുൻപ് പരീക്ഷ എഴുതിയ എല്ലാ അവസരങ്ങളിലെയും രജിസ്റ്റർ നമ്പറും ചെലാനും). മേൽപ്പറഞ്ഞ പ്രകാരം തയ്യാറാക്കിയ പരീക്ഷാർത്ഥികളുടെ കാൻഡിഡേറ്റ്സ് ലിസ്റ്റ് പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ 30-11-2018 മുൻപ് അയച്ചുതരേണ്ടതാണ്.

**19. പരീക്ഷയോടനുബന്ധിച്ചുള്ള സ്റ്റേറ്റുമെന്റ്**

(1) പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ എണ്ണം കാറ്റഗറി തിരിച്ചുള്ള കണക്ക്.

(2) പരീക്ഷ ഫീസ് സ്വീകരിച്ചതും ട്രഷറിയിൽ ഒടുക്കിയതുമായ വിവരം.

(3) ചോദ്യപേപ്പർ സ്റ്റേറ്റുമെന്റ്.

20. റഗുലർ വിദ്യാർത്ഥികളുടെ സി.ഇ (CE) മാർക്ക് ഈ ഓഫീസിൽ 31-01-2019-ന് മുമ്പ് നൽകേണ്ടതാണ്. (ഈ വിജ്ഞാപനത്തിലെ പേജ് 2).

21. **പരീക്ഷാർത്ഥിത്വം റദ്ദാക്കൽ**

ഏതെങ്കിലും വിദ്യാർത്ഥിയുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കേണ്ടതാണ്. (അനുബന്ധം 'C'). അപേക്ഷ 28/02/2019-ന് മുമ്പായി പരീക്ഷാസെക്രട്ടറിക്ക് ലഭിക്കേണ്ടതാണ്. അപേക്ഷാഫോറം അടങ്ങുന്ന കവറിനു മുകളിൽ **"ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷാർത്ഥിത്വം റദ്ദാക്കുന്നതിനുള്ള അപേക്ഷ"** എന്ന് ചുവന്ന മഷിയിൽ രേഖപ്പെടുത്തേണ്ടതാണ്. **ഐ.ടി പരീക്ഷയിൽ പങ്കെടുത്ത കുട്ടികളുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കാൻ കഴിയുന്നതല്ല.**

22. **അഡ്മിഷൻ ടിക്കറ്റ് വിതരണം**

പരീക്ഷാർത്ഥികളുടെ ഫോട്ടോ പതിച്ച അഡ്മിഷൻ ടിക്കറ്റ് പരീക്ഷ ആരംഭിക്കുന്നതിന് മൂന്നു ദിവസം മുമ്പെങ്കിലും ചീഫ് സൂപ്രണ്ടുമാർ വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.
ഭാഷേതര വിഷയങ്ങളിൽ ഇംഗ്ലീഷിലോ മലയാളത്തിലോ ഉത്തരം എഴുതാൻ അനുവദിച്ചിരിക്കുന്നു.

23. **ഗ്രേസ് മാർക്ക് ആനുകൂല്യം**

ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷാർത്ഥികളിൽ അർഹരായവർക്ക് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഗ്രേസ് മാർക്ക് അനുവദിച്ച് നൽകുന്നതാണ്.

1. ദേശീയ/സംസ്ഥാന സ്പോർട്ട്സ്, ഗെയിംസ്, സംസ്ഥാന സ്കൂൾ കലോത്സവം എന്നിവയിൽ പങ്കെടുത്ത/സമ്മാനാർഹരായ ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കിന് അർഹതയുണ്ടായിരിക്കും

2. വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് വിദ്യാഭ്യാസ ഡയറക്ടർ, ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവരുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലായിരിക്കും. ഗ്രേസ് മാർക്ക് അനുവദിച്ച ഉത്തരവിന്റെ നമ്പരും തീയതിയും ഉത്തരക്കടലാസിന്റെ ആദ്യത്തെ പേജിൽ രേഖപ്പെടുത്തി പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ ഒപ്പുവയ്ക്കേണ്ടതാണ്.

**കുറിപ്പ്:- പുതിയ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഗ്രേസ്മാർക്ക് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് മാറ്റം വരാവുന്നതാണ്.**

**24. ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയും ഫോട്ടോകോപ്പിയും പുനർമൂല്യ നിർണ്ണയവും**

(1) ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പിയ്ക്ക് പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി 5 ദിവസത്തിനകം അപേക്ഷ (അനുബന്ധം ബി) സമർപ്പിക്കേണ്ടതാണ്. ഫോട്ടോകോപ്പി ലഭിക്കുന്നതിന് ഫീസ് ഒരു പേപ്പറിന് 200/- രൂപയായി നിശ്ചയിച്ചിരിക്കുന്നു.

(2) ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി 5 ദിവസത്തിനകം (അനുബന്ധം ബി) സമർപ്പിക്കേണ്ടതാണ്. പേപ്പർ ഒന്നിന് 50/- രൂപ ക്രമത്തിൽ ഫീസ് ഒടുക്കേണ്ടതാണ്.

(3) ഉത്തരക്കടലാസുകളുടെ (തിയറി വിഷയങ്ങൾക്ക് മാത്രം) പുനർമൂല്യനിർണ്ണയം നടത്തുന്നതിന് നിശ്ചിതമാതൃകയിലുള്ള അപേക്ഷ (അനുബന്ധം ബി) നൽകാവുന്നതാണ്. ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിന് പേപ്പർ ഒന്നിന് 400/- രൂപ ക്രമത്തിൽ ഫീസ് നിശ്ചയിച്ചിരിക്കുന്നു. പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി അഞ്ചു ദിവസത്തിനകം സ്കൂൾ മേധാവിക്ക് സമർപ്പിക്കേണ്ടതാണ്. പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് നേടുന്നവർക്ക് പുതുതായി ലഭിച്ച ഗ്രേഡുകൾ ഉൾപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ സ്കൂൾ മേധാവി മുഖാന്തിരം വിതരണം ചെയ്യുന്നതാണ്. പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ഫീസായി നൽകിയ തുക തിരികെ ലഭിക്കുന്നതാണ്. എ+ ലഭിക്കുന്ന വിഷയങ്ങൾക്കും പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാവുന്നതാണ്.

(4) ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണയം, സൂക്ഷ്മ പരിശോധന, ഫോട്ടോകോപ്പി എന്നിവയ്ക്കുവേണ്ടി സ്വീകരിക്കുന്ന ഫീസിൽ നിന്നും പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് തുക തിരികെ നൽകിയശേഷം ബാക്കിയുള്ള തുക 0202-01-102-92 അദർ റസീപ്റ്റ്സ് എന്ന ശീർഷകത്തിൽ ഒടുക്കി ചെലാന്റെ ഫോട്ടോകോപ്പിയും സ്റ്റേറ്റ്മെന്റും പരീക്ഷാഭവനിലേക്ക് അയച്ചുതരേണ്ടതാണ്.

**25.** ഫോട്ടോകോപ്പി, സൂക്ഷ്മ പരിശോധന, പുനർമൂല്യനിർണയം എന്നിവയ്ക്കുള്ള ഫീസ് പണമായി അപേക്ഷയോടൊപ്പം സ്കൂൾ മേധാവിയെ ഏൽപ്പിക്കേണ്ടതാണ്. സ്കൂൾ മേധാവി ഇതു സംബന്ധിക്കുന്ന വിവരങ്ങൾ അപേക്ഷ സ്വീകരിച്ച് അടുത്ത ദിവസം തന്നെ പരീക്ഷാഭവനിൽ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**26. ക്രമക്കേടുകൾ**

പരീക്ഷാവേളയിൽ ഏതെങ്കിലും വിദ്യാർത്ഥി ക്രമക്കേടുകൾ ചെയ്യുകയോ ചെയ്യാൻ ശ്രമിക്കുകയോ ചെയ്താൽ പരീക്ഷാർത്ഥിയെ പരീക്ഷ എഴുതുന്നതിൽ നിന്നും പുറത്താക്കുകയും തുടർന്നുള്ള പരീക്ഷകൾ എഴുതാൻ അനുവദിക്കുകയും ചെയ്യുന്നതല്ല. അടുത്തിരിക്കുന്ന വിദ്യാർത്ഥിയുടെ പരീക്ഷാപേപ്പർ നോക്കി എഴുതുക, മറ്റു കുട്ടികൾക്ക് കണ്ടെഴുതുവാൻ സൗകര്യം നൽകുക, പരീക്ഷാസമയത്ത് അന്യോന്യം സംസാരിക്കുക, എഴുതിയതോ അച്ചടിച്ചതോ ആയ കടലാസുകളുമായി പരീക്ഷാഹാളിനകത്ത് പ്രവേശിക്കുക തുടങ്ങിയ പ്രവൃത്തികൾ ശിക്ഷാർഹമാകുന്നു. പരീക്ഷ നടന്നുകൊണ്ടിരിക്കുമ്പോൾ ഹാളിനകത്തോ, സ്കൂൾ പരിസരത്തോ ഏതെങ്കിലും വിദ്യാർത്ഥി പരീക്ഷാ നടത്തിപ്പിന് വിഘാതമായി പെരുമാറുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്തതായി പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് ബോധ്യമായാൽ പ്രസ്തുത വിദ്യാർത്ഥിയെ പരീക്ഷ എഴുതുന്നതിൽ നിന്നും വിലക്കു കൽപ്പിക്കാവുന്നതാണ്. പരീക്ഷാക്രമക്കേടിനെ തുടർന്ന് പരീക്ഷയിൽ നിന്നും പുറത്താക്കിയ വിദ്യാർത്ഥിയെ തുടർന്നുള്ള വർഷങ്ങളിലെ പരീക്ഷ എഴുതുന്നതിൽ നിന്നും നിശ്ചിത വർഷത്തേയ്ക്ക് വിലക്ക് കൽപ്പിക്കുന്നതിനുള്ള തീരുമാനം ബന്ധപ്പെട്ട അധികാരിയിൽ നിക്ഷിപ്തമാണ്.

**27. ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) കാർഡുകൾ വിതരണം**

ഗ്രേഡ് രേഖപ്പെടുത്തിയ ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) കാർഡുകൾ വിതരണം ചെയ്യുന്നതിനായി ബന്ധപ്പെട്ട സ്കൂൾ മേധാവിക്ക് അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസ് വഴി അയച്ചു കൊടുക്കുന്നതാണ്. വിദ്യാർത്ഥിയെ സംബന്ധിച്ച് തെറ്റായ വിവരം രേഖപ്പെടുത്തിയതോ, പരീക്ഷാ സെക്രട്ടറിയുടെ ഒപ്പും സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ ആയ ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) കാർഡുകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല. ഇക്കാര്യം പരീക്ഷാ സെക്രട്ടറിയെ സ്കൂൾ മേധാവി സത്വരമായി ബന്ധപ്പെട്ട രേഖകൾ സഹിതം അറിയിക്കേണ്ടതും വിതരണം ചെയ്യാൻ സാധിക്കാത്ത സർട്ടിഫിക്കറ്റുകൾ മടക്കി നൽകി ശരിയായ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) കാർഡ് പരീക്ഷാർത്ഥികൾക്ക് നൽകുന്നതിനു മുൻപ് സ്കൂൾ മേധാവി സർട്ടിഫിക്കറ്റിലെ വിവരങ്ങൾ ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, ടി.എച്ച്.എസ്.എൽ.സി(എച്ച്.ഐ) കാർഡിന്റെ ഫോട്ടോകോപ്പി എടുത്ത് സൂക്ഷിക്കുകയോ ചെയ്യേണ്ടതാണ്. സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനു മുമ്പായി സർട്ടിഫിക്കറ്റ് കൈപ്പറ്റിയതായി പ്രത്യേക രജിസ്റ്ററിൽ കുട്ടിയുടെ കൈയൊപ്പ് വാങ്ങേണ്ടതാണ്. **കാർഡിന്റെ വിവരശേഖരണ ഭാഗത്ത് അടിയിലായി സ്കൂൾ മേധാവിയുടെ ഒപ്പ് കറുത്ത മഷിയിൽ പതിക്കേണ്ടതാണ്.** മറ്റ് മഷിയിൽ ഒപ്പ് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഉപയോഗശൂന്യമായി കണക്കാക്കുന്നതാണ്.

## 28. സ്കോർ വിവരം അറിയുന്നതിന്

പരീക്ഷാർത്ഥികൾക്ക് യാതൊരു കാരണവശാലും ലഭിച്ച സ്കോർ വിവരം നൽകുന്നതല്ല. എന്നാൽ ഉപരിപഠനത്തിനു പോകുന്നവർക്ക് പ്രവേശനത്തിനായി ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷയിൽ ലഭിച്ച സ്കോർ ആവശ്യമുണ്ടെങ്കിൽ വെള്ളപേപ്പറിൽ എഴുതിയ അപേക്ഷയും 100/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും സഹിതം പരീക്ഷാ സെക്രട്ടറിക്ക് അപേക്ഷിച്ചാൽ, ചേരാനുദ്ദേശിക്കുന്ന സ്ഥാപനമേധാവിക്ക് രഹസ്യമായി സ്കോർ വിവരം അയച്ചുകൊടുക്കുന്നതാണ്. ജോലിയുടെ ആവശ്യത്തിനും ഇതുപോലെ സ്കോർ വിവരം അറിയിക്കുന്നതാണ്. ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷ എഴുതി രണ്ടു വർഷം കഴിഞ്ഞവർക്ക് 200 രൂപ ഡി.ഡി അടച്ചാൽ ലഭിച്ച സ്കോർ അപേക്ഷകന് നേരിട്ട് നൽകുന്നതാണ്.

## 29. മൈഗ്രേഷൻ സർട്ടിഫിക്കറ്റ്

ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷ പാസ്സായവർക്ക് മറ്റു സംസ്ഥാനങ്ങളിൽ തുടർ പഠനം നടത്തുന്നതിന് ആവശ്യമായ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് പരീക്ഷാഭവനിൽ നിന്ന് നൽകുന്നതാണ്. ഇതിനായി നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ 50/- രൂപ ചെലാനും (0202-01-102-92 അദർ റസീപ്റ്റ്സ്) ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പും സഹിതം അപേക്ഷിക്കേണ്ടതാണ്.

പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികളും ഇപ്പോൾ നിലവിലുള്ളതും ഇതോടനുബന്ധിച്ച് പുറപ്പെടുവിക്കുന്നതുമായ പരീക്ഷയുടെ നിയമങ്ങൾ പാലിക്കാൻ ബാദ്ധ്യസ്ഥരായിരിക്കും. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

കെ.വി.മോഹൻകുമാർ ഐ.എ.എസ്

**പരീക്ഷാ കമ്മീഷണർ**

### അനുബന്ധം - എ
## ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷ - മാർച്ച് 2019
## അപേക്ഷാഫാറം [PCN/ARC/BT വിഭാഗം]

1. പരീക്ഷാ കേന്ദ്രത്തിന്റെ പേരും സെന്റർ കോഡും :

2. പരീക്ഷാർത്ഥിയുടെ പേര് :

3. ആൺകുട്ടി/ പെൺകുട്ടി :

4. മേൽവിലാസം ഫോൺ നമ്പർ :

5. മതവും ജാതിയും :

6. ഫീസിളവിന് അർഹതയുണ്ടോ? എങ്കിൽ ഏത് വിഭാഗം :

7. ജനനത്തീയതി :

8. രക്ഷകർത്താവിന്റെ പേര് :

9. പഠന മാധ്യമം :

10. പരീക്ഷ എഴുതുന്ന സ്കീം-Old/New :

11. പരീക്ഷ എത്രാമത്തെ തവണയാണ് എഴുതുന്നത് :

12. ഉപരിപഠനത്തിന് അർഹത ലഭിക്കാത്ത എത്ര പേപ്പറുകളുണ്ട് :

13. പരീക്ഷ എഴുതുന്ന പേപ്പറുകളുടെ വിവരം :

| ക്രമ നമ്പർ | പേപ്പറിന്റെ പേര് | ലഭിച്ച ഗ്രേഡ് (PCN, BT) |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |

14. മുൻപ് പരീക്ഷ എഴുതിയ മുഴുവൻ അവസരങ്ങളുടെയും വിവരങ്ങൾ (PCN, BT)

| ക്രമ നം | രജിസ്റ്റർ നമ്പർ | വർഷം |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |

15. ജയിച്ച എല്ലാ പേപ്പറുകളുടേയും വിവരങ്ങൾ

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ | വർഷം | വിഷയം | ലഭിച്ച ഗ്രേഡ് |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |
| 8 | | | | |
| 9 | | | | |
| 10 | | | | |

16. പരീക്ഷാഫലം മെച്ചപ്പെടുത്തുന്നതിനാണോ അപേക്ഷിക്കുന്നത് : അതേ / അല്ല

17. എ.ആർ.സി വിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിൽ ഈ വർഷം ആവശ്യമായ ഹാജർ നേടിയിട്ടുണ്ടോ? : ഉണ്ട് / ഇല്ല

18. ഫീസ് ഒടുക്കിയതിന്റെ വിവരം

| ഫീസ് | പിഴ | ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) കാർഡിന്റെ വില | ആകെ | തുക ഒടുക്കിയതിന്റെ വിവരം |
|---|---|---|---|---|
| | | | | |

19. മറ്റു വിവരങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ :

മേൽപ്പറഞ്ഞിട്ടുള്ള വസ്തുതകൾ സത്യമാണ്. മുൻ പരീക്ഷ എഴുതിയ എല്ലാ അവസരങ്ങളുടെയും വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പരീക്ഷാർത്ഥിയുടെ ഒപ്പ്

സ്ഥലം:
തീയതി:

അനുബന്ധം - ബി

## ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷ - മാർച്ച് 2019
## അപേക്ഷാഫാറം (ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധന, ഫോട്ടോകോപ്പി, പുനർമൂല്യനിർണ്ണയം)

1. രജിസ്റ്റർ നമ്പർ :

2. പരീക്ഷാർത്ഥിയുടെ പേര് :
3. മേൽവിലാസം :
   ഫോൺ നമ്പർ

4. പരീക്ഷാ കേന്ദ്രത്തിന്റെ പേരും :
   സെന്റർ കോഡും

5. പഠന മാധ്യമം :

6. പരീക്ഷ പേപ്പറുകളുടെ വിവരം

| ക്രമ നമ്പർ | വിഷയം | ലഭിച്ച ഗ്രേഡ് | ഏതൊക്കെ വിഭാഗത്തിന് അപേക്ഷ നൽകിയിട്ടുണ്ട് (X ചിഹ്നം രേഖപ്പെടുത്തുക) | | | ഫീസ് ഒടുക്കിയത് |
|---|---|---|---|---|---|---|
| 1 | | | സൂക്ഷ്മ പരിശോധന (50/-രൂപ) | ഫോട്ടോകോപ്പി (200/-രൂപ) | പുനർമൂല്യ നിർണ്ണയം (400/-രൂപ) | |
| 2 | | | | | | |
| 3 | | | | | | |
| 4 | | | | | | |
| 5 | | | | | | |

7. പരീക്ഷാകേന്ദ്രത്തിൽ ഫീസ് ഒടുക്കിയതിന്റെ വിവരം

| രസീതി നമ്പർ | തീയതി | തുക | | | ആകെ |
|---|---|---|---|---|---|
| | | സൂക്ഷ്മപരിശോധന | ഫോട്ടോകോപ്പി | പുനർമൂല്യനിർണ്ണയം | |
| | | | | | |

സ്ഥലം :
തീയതി :

പരീക്ഷാർത്ഥിയുടെ ഒപ്പ്

കുറിപ്പ്: നിശ്ചിത ഫീസ് പണമായി സ്കൂൾ മേധാവിയെ ഏൽപ്പിക്കേണ്ടതാണ്.

അനുബന്ധം – സി

## ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷ മാർച്ച് – 2019

### പരീക്ഷാർത്ഥിത്വം റദ്ദാക്കാനുള്ള അപേക്ഷ

### (Application for Cancellation of Candidature)

1. സെന്റർ നമ്പർ [ ] 2. വിദ്യാഭ്യാസ ജില്ല [ ]

3. പരീക്ഷാർത്ഥിയുടെ പേര് :

4. പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ :

5. സ്കൂളിന്റെ പേര് :

6. പരീക്ഷാർത്ഥിത്വം റദ്ദാക്കാനുള്ള കാരണം :

7. കാരണം തെളിയിക്കുന്നതിന് സമർപ്പിക്കുന്ന രേഖകൾ :

8. പരീക്ഷാർത്ഥിയെ റോളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ?:

9. ഉണ്ടെങ്കിൽ നീക്കം ചെയ്ത തീയതിയും കാരണവും :

10. പരീക്ഷാർത്ഥി IT പരീക്ഷയിൽ പങ്കെടുത്തിട്ടുണ്ടോ?

11. മറ്റെന്തെങ്കിലും വിവരങ്ങൾ :

12. രക്ഷകർത്താവിന്റെ ഒപ്പ് :

മുകളിൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണ്. ആയതിനാൽ പരീക്ഷാർത്ഥിത്വം റദ്ദാക്കണമെന്ന് ശുപാർശ ചെയ്യുന്നു.

സ്ഥലം :

തീയതി: സ്കൂൾ സീൽ സ്കൂൾ മേധാവിയുടെ ഒപ്പ്

(അപേക്ഷ 28/02/2019 - ന് മുൻപായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിക്ക് ലഭിക്കേണ്ടതാണ്.)